

ഡോ. ജസ്റ്റിൻ തോമസ്

# തെറ്റിദ്ധരിക്കപ്പെട്ട പെൺകുട്ടി

**പ**ന്ത്രണ്ടാം ക്ലാസിൽ പഠിക്കുന്ന മിഷേൽ കൗൺസലിങ്ങിനായി എത്തിയത് ഏഴംഗ കുടുംബത്തോടൊപ്പമാണ്. മുഖം താഴ്ത്തിയിരുന്ന ഈ പെൺകുട്ടി, അവൾക്ക് എന്നോട് ആദ്യം സംസാരിക്കാൻ പറ്റുമോ എന്നാരാഞ്ഞു. ഞാൻ അനുവദിക്കുകയും ചെയ്തു (സാധാരണമായി കൂടെ വന്നിരിക്കുന്നവരെ കണ്ടതിനുശേഷമാണ് കൗൺസലിങ്ങിനു വിധേയമാക്കേണ്ട വ്യക്തിയെ കാണുക.) എന്തുകൊണ്ടാണ് എന്നെ ആദ്യം കാണാൻ ആവശ്യപ്പെട്ടതെന്നു തിരക്കിയപ്പോൾ അവൾ പറഞ്ഞത്, 'എന്നെക്കുറിച്ച് അവർ പറയുന്ന കുറ്റം മുഴുവൻ സാർ കേട്ടാൽ എന്റെ യഥാർഥപ്രശ്നം പരിഹരിക്കപ്പെടില്ല' എന്നാണ്.

ഈ പെൺകുട്ടി പറഞ്ഞത് ഇൻസ്റ്റായിലൂടെ പരിചയമുള്ള ഏഴു പേരുമായി സ്നേഹബന്ധമുണ്ട് എന്നാണ്. ഇവരുമായി ഫോൺ സെക്സിലും ഏർപ്പെടുന്നു. എട്ടാം ക്ലാസുമുതൽ ആരംഭിച്ച ബന്ധങ്ങൾ. "ഇത്രയും ആൾക്കാരുമായി ഇത്തരത്തിലുള്ള ബന്ധങ്ങൾ പുലർത്തുന്നതിൽ എനിക്കു ചില സമയത്തു കുറ്റബോധമുണ്ട്. പക്ഷേ, മിക്കപ്പോഴും ഈ ആഗ്രഹത്തെ നിയന്ത്രിക്കാൻ കഴിയുന്നില്ല." ഹൈപ്പർ സെക്ഷ്വാലിറ്റി അല്ലെങ്കിൽ ലൈംഗികതയോടുള്ള അമിതാസക്തി എന്ന ലേബലിൽ ഈ പെൺകുട്ടിയുടെ പ്രശ്നം അറിയപ്പെടുന്നു. ഹൈപ്പർ സെക്ഷ്വാലിറ്റി ഹോർമോൺ വ്യതിയാനങ്ങളാലും മറ്റു മാനസികപ്രശ്നങ്ങളാലും ഭയപ്പെടുത്തിയ കഴിഞ്ഞകാലാനുഭവങ്ങളാലുമൊക്കെ ഉണ്ടാകാമെങ്കിലും വ്യക്തിയുടെ ചെറുപ്പകാലവുമായി ഈ പ്രശ്നത്തിന് അഭേദ്യമായ ബന്ധമുണ്ട്. മിഷേലിന്റെ കാര്യത്തിലും ഇതു ശരിയായിരുന്നു. ഏഴു വയസ്സുള്ളപ്പോഴും പന്ത്രണ്ടു വയസ്സുള്ളപ്പോഴും ഈ പെൺകുട്ടി ദുരുപയോഗം ചെയ്യപ്പെട്ടിരുന്നുവെന്ന് അവൾ വെളിപ്പെടുത്തി. ഈ രണ്ടു സംഭവങ്ങളും അവളെക്കാൾ മുതിർന്ന, എന്നാൽ പ്രായപൂർത്തിയാവാത്ത ആൺകുട്ടികളിൽനിന്നായിരുന്നു. അത് അവർ ബലാത്കാരമായി ചെയ്തതുമായിരുന്നു. ചെറുപ്പത്തിലേറ്റ ഈ മുറിവുകളുടെ തിക്തഫലമെന്നോണമാണ് ഈ സ്വഭാവ-പെരുമാറ്റവൈകല്യങ്ങൾ അവളിൽ ഉടലെടുത്തത്. ഈ ഒരു പ്രശ്നത്തിന്റെ തീവ്രത അളക്കുന്നത്, എത്രമാത്രമാണ് ഒരു വ്യക്തിയുടെ ലൈംഗികമായ അമിതചിന്തകളുടെയും അതു പ്രാവർത്തികമാക്കാനുള്ള വ്യഗ്രതയുടെയും അളവ് എന്നതനുസരിച്ചാണ്.



**മിഷേലിന്റെ മാനസിക സംഘർഷത്തെ വർധിപ്പിച്ച ഘടകങ്ങൾ**

തന്റെ ക്ലാസിൽ പഠിക്കുന്ന, സോഷ്യൽമീഡിയയിൽ പരിചയപ്പെടുന്ന, ചിലപ്പോഴൊക്കെ യാത്രയിൽ കണ്ടുമുട്ടുന്ന ആരോടും ഇഷ്ടം തോന്നാം എന്നത് അവളുടെ മാനസികാവസ്ഥയെ തകിടംമറിച്ചു. അത്തരമൊരു ഇഷ്ടം പെട്ടെന്ന് ലൈംഗികമായ ഒരു ഉത്തേജനത്തിനു കാരണമാകുമ്പോൾ, അതിനെ അടക്കിനിർത്താൻ കഴിയാതെ വരുമ്പോൾ അനുഭവിക്കുന്ന മാനസികസംഘർഷം ചില്ലറയല്ലെന്ന് അവളുടെ വാക്കുകൾ വ്യക്തമാക്കി. ഇതുമാത്രമല്ല, അവളുടെ വാക്കുകളിൽ പറഞ്ഞാൽ, എന്നെ വളയ്ക്കാൻ എളുപ്പമാണെന്നാണ് ചേട്ടന്മാരുടെ വിചാരം. അവൾ വീണ്ടും തുടർന്നു: "എന്റെ ഈ പെരുമാറ്റരീതിയെക്കുറിച്ചു വീട്ടിലും അറിയാം. അവരാകെ തകർന്നമട്ടാണ്." "ക്ലാസിൽ കൂട്ടുകാർ ആദ്യമൊക്കെ എന്നെ പുകഴ്ത്തുമായിരുന്നു. നീ കൊള്ളാമല്ലോ! എങ്ങനെ ഇവന്മാരെയൊക്കെ മേയിക്കുന്നു എന്നൊക്കെ പറഞ്ഞിരുന്ന അവർക്ക് ഇന്ന് എന്നോട് എന്തോ വെറുപ്പാണ്." ഇവിടെ വീട്ടുകാരും കൂട്ടുകാരും സമൂഹവും ഒരുപോലെ ഒരു പ്രത്യേക കണ്ണോടെ തന്നെ കാണാനും മുതലെടുക്കാനും തുടങ്ങിയപ്പോൾ തനിക്ക് ഒരു കൗൺസലിങ്ങിനു പോകണമെന്നു മിഷേലിനു തോന്നി.

**തെറ്റിദ്ധരിക്കപ്പെട്ട പെൺകുട്ടി**

സമൂഹത്തിന്റെ കണ്ണിൽ മിഷേൽ ധാർമികതയില്ലാത്ത, മോശം സ്വഭാവത്തിന്റെ ഉടമയാണ്. തനിക്ക് ഒരു കൗൺസലിങ്ങിനു പോകണമെന്നു സ്വമേധയാ തോന്നിയില്ലായിരുന്നുവെങ്കിൽ കാലക്രമത്തിൽ ഈ പെൺകുട്ടി ആത്മഹത്യയെ ശരണം പ്രാപിച്ചേനേ! ഈ കുട്ടിക്കു മാനസികമായ ഒരു പ്രശ്നമുണ്ടെന്നും അതു ചികിത്സിച്ചു മാറ്റേണ്ടതാണെന്നും ആരും ചിന്തിച്ചില്ല. അത് അവരുടെ തെറ്റുമല്ല. കാരണം, ലൈംഗികതയെക്കുറിച്ചോ ലൈംഗികവ്യതിയാനങ്ങളെക്കുറിച്ചോ സംസാരിക്കുന്ന, പഠിക്കുന്ന ഒരു സമൂഹത്തിലല്ല നാം ജീവിക്കുന്നത്. ഇത്തരത്തിൽ അനേകം പെൺകുട്ടികളും സ്ത്രീകളും തെറ്റിദ്ധരിക്കപ്പെടുകയും അവരുടെ ജീവിതം ഹോമിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇവിടെ ഓർക്കേണ്ട കാര്യം, മേൽപ്പറഞ്ഞ രോഗാവസ്ഥ ആൺകുട്ടികളിലും പുരുഷന്മാരിലും കണ്ടുവരുന്നു. പുരുഷന്മാരിലെ പ്രവണത കുറ്റകൃത്യത്തിന്റെ തലത്തിലേക്കു വഴിമാറുന്നതായും കണ്ടിട്ടുണ്ട്.

**പെൺകുട്ടികളെയും ആൺകുട്ടികളെയും എങ്ങനെ സംരക്ഷിക്കണം?**

എന്റെ കൗൺസലിങ് അനുഭവത്തിൽ ദുരുപയോഗം ചെയ്യപ്പെട്ട പെൺകുട്ടികളും ആൺകുട്ടികളും പല തരത്തിലുള്ള ഒബ്സെസിവ് കംപൾസിവ് ഡിസോർഡറു (ഒ.സി.ഡി.)കൾക്ക് അടിമപ്പെടുന്നതായാണു കണ്ടിട്ടുള്ളത്. ഇതിൽ ഭൂരിഭാഗം അനുഭവങ്ങളും കുട്ടികൾക്കു ശരിയായ ലൈംഗിക വിദ്യാഭ്യാസം നൽകാത്തതിന്റെ പേരിൽ സംഭവിച്ചിട്ടുള്ളതുമാണ്. അതിനാൽത്തന്നെ, നമ്മുടെ കുട്ടികളെ സംരക്ഷിക്കുകയെന്ന ഉത്തരവാദിത്വം നാം കുറച്ചുകൂടി ഭംഗിയായി നിർവഹിക്കേണ്ടതായിട്ടുണ്ട്. അവരുടെകൂടെ കളിക്കുന്ന, ഭക്ഷണം കഴിക്കുന്ന, പഠിക്കുന്ന, താമസിക്കുന്ന മുതിർന്നവർ അസ്വാഭാവികമായി പെരുമാറിയാൽ എന്തു ചെയ്യണമെന്നു നാം അവരെ പഠിപ്പിച്ചേ മതിയാവൂ. അതിനായി, ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വിദഗ്ധരെ സമീപിക്കുന്നതിൽ തെറ്റില്ല. നാം മാതാപിതാക്കൾ തന്നെ ഇത്തരം കാര്യങ്ങൾ ആധികാരികമായി പഠിച്ച് കുട്ടികൾക്കു പറഞ്ഞുകൊടുക്കുന്നതും ഉപകരിക്കും. തിരഞ്ഞെടുക്കപ്പെട്ട വീഡിയോകൾ, ബുക്കുകൾ എന്നിവയും ഉപയോഗിക്കാം. എന്റെ കൗൺസലിങ് അനുഭവത്തിൽ ദുരുപയോഗം ചെയ്യപ്പെട്ട കുട്ടികളിൽ ഭൂരിപക്ഷവും തങ്ങളുടെ അനുഭവം മാതാപിതാക്കളോടു പറഞ്ഞിട്ടില്ല. കുട്ടികൾ ഇത്തരം കാര്യങ്ങൾ പറഞ്ഞിട്ടും അഭിമാനത്തെപ്രതി മറച്ചുവയ്ക്കുന്ന മാതാപിതാക്കളും ധാരാളമുണ്ട്. മാതാപിതാക്കളോട് അത്തരം കാര്യങ്ങൾ പറയാൻ കുട്ടികൾക്ക് അടുപ്പം തോന്നുന്നില്ല എന്നതു വേദനാജനകമാണ്. ഈ ഒരു അടുപ്പക്കുറവിന്റെ കാരണം മാതാപിതാക്കൾ പുനർവിചിന്തനത്തിലൂടെ മനസ്സിലാക്കിയേ തീരൂ.

**ഹൈപ്പർ സെക്ഷ്വാലിറ്റിയെ എങ്ങനെ നിയന്ത്രിക്കാം?**

ഈ ലേഖനത്തിൽ സൂചിപ്പിച്ചിരിക്കുന്ന മിഷേൽ എന്ന പെൺകുട്ടിയുടെ കാര്യത്തിൽ അവളുടെ പ്രശ്നത്തെക്കുറിച്ച് അവൾക്കുതന്നെ ബോധ്യമുണ്ടായിരുന്നു. ഈ ബോധ്യം അവളുടെ പ്രശ്നത്തെ എളുപ്പത്തിൽ പരിഹരിക്കാൻ സഹായകമായി. ചില സാഹചര്യത്തിൽ ഈ പ്രശ്നത്തെ നിയന്ത്രിക്കാൻ വിദഗ്ധചികിത്സ തേടേണ്ടതായിവരും.

ലൈംഗികഹോർമോണുകളെ നിയന്ത്രിക്കാനുതകുന്ന മരുന്നുകൾ വളരെ ഫലപ്രദമാണെന്ന് ആധുനികവൈദ്യശാസ്ത്രം വിധിയെഴുതുന്നു. ഒപ്പംതന്നെ, കൗൺസലിങ്ങും അനിവാര്യമാണ്. മിഷേലിന്റെ ചെറുപ്പകാലത്തിലെ ഭയപ്പെടുത്തുന്ന ഓർമകളെ മനഃശാസ്ത്രതെറാപ്പികളിലൂടെ കുറച്ചപ്പോൾ പ്രശ്നം വലിയ അളവിൽ പരിഹരിക്കപ്പെട്ടു. ഇന്നവൾ എല്ലാ അടിമത്തത്തിൽനിന്നും മോചിതയായി ഡിഗ്രി രണ്ടാംവർഷ വിദ്യാർഥിയാണ്. അവളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു മാതാപിതാക്കൾ നൽകിയ സഹകരണം വളരെ വലുതായിരുന്നു.